LIBRARY ARCHIVES Kerala Legislative Assembly

## തൊഴിൽനിയമ പരിഷ്കാരങ്ങൾ

9 (*219) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നടപ്പാക്കിയതോ അല്ലെങ്കിൽ ഉടനെ നടപ്പാക്കാനുദ്ദേശിക്കുന്നതോ ആയ തൊഴിൽ നിയമ പരിഷ്കാരങ്ങളുടെ ആഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സെപ്റ്റംബർ മാസം വിവിധ കേന്ദ്ര വ്യവസായ തൊഴിലാളി സംഘടനകൾ സംയുക്തമായി ആഹ്വാനം ചെയ്തിരിക്കുന്ന പണിമുടക്കിന് ആധാരമായ പ്രശ്നങ്ങൾ എന്തൊക്കെയാണ്; ഈ ആവശ്യങ്ങളോട് സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(സി) തൊഴിലാളി വിരുദ്ധമായ തൊഴിൽ നിയമ പരിഷ്ക്കരണങ്ങളെയും തൊഴിലാളി പണിമുടക്കിന് ആധാരമായ പ്രശ്നങ്ങളെയും കുറിച്ചുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രമന്ത്രിമാരെ നേരിൽ കണ്ട് അറിയിക്കാമോ ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കഴിഞ്ഞ രണ്ട് വർഷക്കാലയളവിനുള്ളിൽ മിനിമം വേതന നിയമം 1948, പേമെന്റ് ഓഫ് വേജസ് ആക്ട് 1936, പേമെന്റ് ഓഫ് ബോണസ് ആക്ട് 1965, ഈക്വൽ റെമ്യൂണറേഷൻ ആക്ട് 1976 എന്നീ കേന്ദ്രനിയമങ്ങളെ സംയോജിപ്പിച്ച് ലേബർ കോഡ് ഓൺ വേജസ് എന്ന ബില്ലും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് 1947, ട്രേഡ് യൂണിയൻ ആക്ട് 1926, ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാൻഡിംഗ് ഓർഡർ ആക്ട് 1946 എന്നീ മൂന്ന് കേന്ദ്ര നിയമങ്ങളെ സംയോജിപ്പിച്ച് ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ് എന്ന ബില്ലും കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതിനൊപ്പം കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മോഡൽ ഷോപ്പ് & എസ്റ്റാബ്ലിഷ്മെന്റ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസസ്) ബിൽ 2015-ഉം തയ്യാറാക്കിയിട്ടുണ്ട്. ഈ ബില്ലിലെ ചില വ്യവസ്ഥകൾ സംസ്ഥാനത്തെ നിലവിലുള്ള കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960 പ്രകാരം തൊഴിലാളികൾക്ക് ലഭ്യമായിട്ടുള്ള തൊഴിൽ സുരക്ഷ പാടെ ഇല്ലാതാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ ബില്ലിന്റെ പരിധിയിൽ പത്തോ അതിലധികമോ ജോലിക്കാരുള്ള സംരംഭങ്ങൾ മാത്രമാണ് ഉൾപ്പെടുന്നത്. ജീവനക്കാരുടെ എണ്ണം പരിഗണിക്കാതെ എല്ലാ സ്ഥാപനങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

ബാധകമാണ് കേരളത്തിൽ നിലവിലുള്ള നിയമം. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണമടക്കമുള്ള കാര്യങ്ങളെ ഏറെ ദോഷകരമായാണ് കേന്ദ്ര ബിൽ ബാധിക്കുന്നത്. തൊഴിലാളികൾ നിലവിൽ അനുഭവിച്ചുവരുന്ന അവധി അവകാശങ്ങളെല്ലാം അട്ടിമറിക്കുന്നതാണ് പുതിയ കേന്ദ്ര ബിൽ. സേവനദാതാവിന്റെ ഇഷ്ടാനുസരണം വനിതകളടക്കമുള്ളവരുടെ ഷിഫ്റ്റ് ഡ്യൂട്ടി നിശ്ചയിക്കാമെന്നും ജീവനക്കാരെ പിരിച്ചുവിടുന്നതടക്കമുള്ള കാര്യങ്ങളിൽ സേവനദാതാവിന് അനുകൂലമായ നിർദ്ദേശങ്ങളടങ്ങുന്നതാണ് കേന്ദ്രബിൽ. 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിന്റെ ഭേദഗതി സംബന്ധിച്ച് തൊഴിൽ വകുപ്പിന്റെ അഭിപ്രായം 6-2-2016-ലെ 989/ഇ 3/2016/തൊഴിൽ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി&സി) വിലക്കയറ്റം, തൊഴിലില്ലായ്മ, തൊഴിൽ നിയമങ്ങളുടെ സംരക്ഷണം, സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ വ്യാപനം, പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം, ബോണസ്, പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, രാജ്യത്തിന്റെ സുപ്രധാന മേഖലകളിലടക്കമുള്ള പ്രത്യക്ഷ വിദേശ നിക്ഷേപം തുടങ്ങിയ വിഷയങ്ങൾ സെപ്റ്റംബറിലെ ദേശീയ പണിമുടക്കിൽ തൊഴിലാളി സംഘടനകൾ ഉന്നയിച്ചിട്ടുണ്ട്. രാജ്യത്തെ തൊഴിലാളികളടക്കമുള്ള സമസ്ത മേഖലകളിലെയും ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങളെ നേരിട്ടു ബാധിക്കുന്ന വിഷയങ്ങളാണ് പണിമുടക്കിനാധാരമായി ഉന്നയിക്കപ്പെട്ടിട്ടുള്ളത്. കോർപ്പറേറ്റ് താൽപ്പര്യങ്ങൾക്കനുസൃതമായി കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നയസമീപനങ്ങൾ തിരുത്തേണ്ടതുണ്ട്. കേന്ദ്ര തൊഴിൽ നിയമ പരിഷ്കരണങ്ങളിൽ പ്രതിഫലിക്കുന്ന തൊഴിലാളികൾക്ക് ദോഷകരമായ നിലപാടുകൾ ഉപേക്ഷിക്കേണ്ടതായുണ്ട്. ഇ.പി.എഫ്., ഇ.എസ്.ഐ., മിനിമം വേതനം, ബോണസ്, മറ്റ് സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ എന്നിവയുടെ സംരക്ഷണമടക്കമുള്ള വിഷയങ്ങളിൽ കേന്ദ്രമന്ത്രിമാരെ നേരിൽക്കണ്ട് സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിക്കുന്നതിനും അനുകൂലമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് ശക്തമായി ഇടപെടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുസ്ഥലങ്ങളിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി

10 (*220) ശ്രീ. റ്റി. വി.രാജേഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ ശുദ്ധമായ കുടിവെള്ളം നൽകാൻ കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള ഏജൻസികൾക്ക സാധിക്കാഞ്ഞതിനാലാണ് സംസ്ഥാനത്തെ കുപ്പിവെള്ള വിപണി വിപുലമായതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;